# മഹാത്മാഗാന്ധി സർവ്വകലാശാല

**കെ.എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: 0481 - 2731020, 2732650
മൊബൈൽ: 9846720402

പി.ആർ.ഒ./39/132/2018 2018 ജൂൺ 21

## പത്രക്കുറിപ്പ്

**ക്യാറ്റ് – എം.ജി.യു 2018 – 19: സെല്ക്ട് ലിസ്റ്റും പ്രവേശന കൗൺസലിംഗ് സമയക്രമവും പ്രസിദ്ധീകരിച്ചു**

മഹാത്മാഗാന്ധി സർവ്വകലാശാലയിലെ വിവിധ പഠനവകുപ്പുകളിലെ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലേക്കുള്ള പ്രവേശനത്തിനുള്ള സെലക്ട് ലിസ്റ്റുകൾ പ്രസിദ്ധീകരിച്ചു. യോഗ്യത നേടിയ വിദ്യാർത്ഥികൾക്കായി സർവ്വകലാശാലാ ആസ്ഥാനത്തെ അസംബ്ലിഹാളിൽ ജൂലൈ 3, 4, 5 തീയതികളിൽ പ്രവേശന കൗൺസലിങ്ങ് നടത്തും. സെലക്ട് ലിസ്റ്റും വിശദമായ ഷെഡ്യൂളും നിർദ്ദേശങ്ങളും www.cat.mgu.ac.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. സെലക്ഷനുള്ള വിദ്യാർത്ഥികൾക്ക് പ്രത്യേക കാൾലെറ്ററുകൾ അയയ്ക്കുന്നതല്ല. വിശദവിവരങ്ങൾക്ക് ഫോൺ: 9526261718.

**അപേക്ഷാ തീയതി**

രണ്ടാം സെമസ്റ്റർ ബി.എച്ച്.എം. (2017 അഡ്മിഷൻ റഗുലർ/2013-2016 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ ജൂലൈ 19ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ ജൂൺ 28 വരെയും 50 രൂപ പിഴയോടെ 29 വരെയും 500 രൂപ സൂപ്പർഫൈനോടെ ജൂലൈ 2 വരെയും സ്വീകരിക്കും.

**പ്രാക്ടിക്കൽ**

മൂന്നും നാലും സെമസ്റ്റർ എം.എസ്.സി. പ്യുവർ കെമിസ്ട്രി മെയ്/ജൂൺ 2018 പരീക്ഷകളുടെ പ്രാക്ടിക്കൽ ജൂൺ 25നും വൈവാവോസി ജൂലൈ 16നും അതാത് കേന്ദ്രങ്ങളിൽ നടക്കും.

2018 ജൂൺ മാസത്തിൽ തൃപ്പൂണിത്തുറ ആർ.എൽ.വി. കോളേജിൽ നടത്തിയ നാലാം സെമസ്റ്റർ എം.എ. മ്യൂസിക് വോക്കൽ (സി.എസ്.എസ്. - റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ പ്രാക്ടിക്കൽ ജൂൺ 25 മുതൽ 27 വരെ തൃപ്പൂണിത്തുറ ആർ.എൽ.വി. കോളേജിൽ വച്ച് നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

**വൈവാവോസി**

നാലാം സെമസ്റ്റർ മാസ്റ്റർ ഓഫ് ടൂറിസം അഡ്മിനിസ്ട്രേഷൻ (2016 അഡ്മിഷൻ റഗുലർ/2013, 2014 & 2015 അഡ്മിഷൻ സപ്ലിമെന്ററി) മെയ്/ജൂൺ 2018 പരീക്ഷയുടെ പ്രോജക്ട് റിപ്പോർട്ടും വൈവാവോസിയും ജൂൺ 27, 28 തീയതികളിൽ നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

**പരീക്ഷാഫലം**

2017 ഒക്ടോബർ മാസത്തിൽ നടത്തിയ അഞ്ചാം സെമസ്റ്റർ ബി.എ./ബി.എസ്.സി. മോഡൽ 1, 2, 3 (2015 അഡ്മിഷൻ റഗുലർ) പരീക്ഷയിൽ, തിരുവല്ല മാർത്തോമാ കോളേജിൽ തടഞ്ഞുവയ്ക്കപ്പെട്ട വിദ്യാർത്ഥികളുടെ പരീക്ഷാഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധയ്ക്കും ജൂൺ 28 വരെ അപേക്ഷിക്കാം.

2017 സെപ്റ്റംബർ മാസത്തിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എ. തമിഴ് (സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂലൈ 3 വരെ അപേക്ഷിക്കാം.

2018 ഏപ്രിൽ മാസത്തിൽ നടത്തിയ നാലാം സെമസ്റ്റർ ബി.എഡ്. (റഗുലർ, ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി) പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂലൈ 5 വരെ അപേക്ഷിക്കാം.

2017 ഡിസംബർ മാസത്തിൽ സ്കൂൾ ഓഫ് കെമിക്കൽ സയൻസസിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എസ്.സി. കെമിസ്ട്രി (സി.എസ്.എസ്. - ഓർഗാനിക്, ഇൻ ഓർഗാനിക്, ഫിസിക്കൽ, പോളിമർ) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി.

2017 സെപ്റ്റംബർ മാസത്തിൽ നടത്തിയ ഒന്നാം സെമസ്റ്റർ ബി.എ. എൽ.എൽ.ബി. (ഇന്റഗ്രേറ്റഡ് ഡബിൾ ഡിഗ്രി ഓണേഴ്സ് - പഞ്ചവത്സരം)(2016 അഡ്മിഷൻ റഗുലർ) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂലൈ 4 വരെ അപേക്ഷിക്കാം.

2017 ജൂൺ മാസത്തിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എസ്.ഡബ്ല്യു. (റഗുലർ/സപ്ലിമെന്ററി) പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂലൈ 3 വരെ അപേക്ഷിക്കാം.

**പി.എച്ച്.ഡി. നൽകി**

കെമിസ്ട്രിയിൽ ബി.എൻ. അനിലയ്ക്ക് പി.എച്ച്.ഡി. നൽകുവാൻ മഹാത്മാഗാന്ധി സർവ്വകലാശാലാ സിൻഡിക്കേറ്റ് തീരുമാനിച്ചു.

**പ്രിൻസിപ്പൽമാരുടെ യോഗം**

2018-19 അക്കാദമിക വർഷത്തെ പരീക്ഷാസംബന്ധമായ വിഷയങ്ങളെക്കുറിച്ച് ചർച്ച ചെയ്യുന്നതിനായി സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ആർട്സ് ആന്റ് സയൻസ് കോളേജ് പ്രിൻസിപ്പൽമാരുടെ യോഗം ജൂൺ 23ന് രാവിലെ 10.30ന് സർവ്വകലാശാലാ അസംബ്ലിഹാളിൽ വച്ച് നടത്തും.

**അദ്ധ്യാപക സർവ്വീസ് സംഘടനകളുടെ യോഗം**

2018-19 അക്കാദമിക വർഷത്തെ പരീക്ഷാസംബന്ധമായ വിഷയങ്ങളെക്കുറിച്ച് ചർച്ച ചെയ്യുന്നതിനായി സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ആർട്സ് ആന്റ് സയൻസ് കോളേജ് അദ്ധ്യാപക സർവ്വീസ് സംഘടനകളുടെ പ്രതിനിധികളുടെ യോഗം ജൂൺ 23ന് ഉച്ചകഴിഞ്ഞ് 2 മണിക്ക് സർവ്വകലാശാലാ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിലെ മിനി കോൺഫറൻസ് ഹാളിൽവച്ച് നടത്തും.

**എം.ജി.യിൽ അരലക്ഷം വിദ്യാർത്ഥികൾ യോഗവിന്യാസത്തിൽ പങ്കെടുത്തു**

## യോഗ ഭാരതത്തിന്റെ ഉദാത്ത സംഭാവന – ഡോ. ബാബു സെബാസ്റ്റ്യൻ

മാനവസമൂഹത്തിന് ഭാരതം നൽകിയ ഉദാത്ത സംഭാവനയാണ് യോഗയെന്ന് മഹാത്മാഗാന്ധി സർവ്വകലാശാലാ വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ പറഞ്ഞു.

നാഷണൽ സർവ്വീസ് സ്കീമിന്റെ സഹകരണത്തോടെ 220 കാമ്പസുകളിലായി ഇന്ന് നടത്തിയ അന്താരാഷ്ട്ര യോഗാദിനാചരണ പരിപാടികൾ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. കുറവിലങ്ങാട് ദേവമാതാ കോളേജിലെ പരിപാടികൾക്ക് യൂണിവേഴ്സിറ്റി സെന്റർ ഫോർ യോഗ ആന്റ് നാച്ചുറോപ്പതിയും സർവ്വകലാശാലാ കാമ്പസിലെ പരിപാടികൾക്ക് ഡിപ്പാർട്ട്മെന്റ് ഓഫ് ലൈഫ്ലോങ്ങ് ലേണിങ്ങും നേതൃത്വം നൽകി.

തികച്ചും മതേതരമാണ് യോഗ. ഏത് പ്രായക്കാർക്കും എവിടെവച്ചും ഏത് സമയത്തും ചെയ്യാം. ശാരീരികക്ഷമത വർദ്ധിപ്പിക്കുന്നതോടൊപ്പം മാനസിക ആത്മീയ ആരോഗ്യം വർദ്ധിപ്പിക്കാനും യോഗയ്ക്ക് കഴിയും. യോഗയ്ക്ക് സമാനമായ സമഗ്രാരോഗ്യപദ്ധതി വിരളമാണ് - ഡോ. ബാബു സെബാസ്റ്റ്യൻ പറഞ്ഞു. ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ച പ്രോ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് വൈജ്ഞാനിക മേഖലയിൽ പ്രവർത്തിക്കുന്നവർ യോഗയിലേക്ക് തിരിയേണ്ടതിന്റെ ആവശ്യകത ഊന്നിപ്പറഞ്ഞു.സിൻഡിക്കേറ്റ് മെമ്പർ പ്രൊഫ. ടോമിച്ചൻ ജോസഫ്, സ്കൂൾ ഓഫ് ഗാന്ധിയൻ സ്റ്റഡീസ് ഡയറക്ടർ ഡോ. എം.എച്ച്. ഇല്യാസ്, എൻ.എസ്.എസ്. പ്രോഗ്രാം കോ-ഓർഡിനേറ്റർ ഡോ. സന്തോഷ് പി. തമ്പി, സെന്റർ ഫോർ യോഗ ആന്റ് നാച്ചുറോപ്പതി ഡയറക്ടർ ഡോ. സി.ആർ. ഹരിലക്ഷ്മീന്ദ്രകുമാർ, ലൈഫ്ലോങ്ങ് ലേണിംഗ് ആന്റ് എക്സ്റ്റൻഷൻ മേധാവി കെ.എ. മഞ്ജുഷ, ദേവമാതാ കോളേജ് പ്രിൻസിപ്പൽ ഡോ. ജോജോ ജോസഫ്, റവ. ഡോ. ജോസഫ് തടത്തിൽ, ഡോ. എം.എസ്. വിശ്വംഭരൻ, ഡോ. എം.ആർ. ഗോപാലകൃഷ്ണൻ നായർ, അമലഗിരി ബി.കെ. കോളേജ് എൻ.എസ്.എസ്. പ്രോഗ്രാം ഓഫീസർ ദിയ ഫിലിപ്പ്, യോഗ അലുമ്നി അസോസിയേഷൻ പ്രസിഡന്റ് ജി. ശ്രീകുമാർ എന്നിവർ സംസാരിച്ചു.

അടിക്കുറിപ്പ്

(1) നാഷണൽ സർവ്വീസ് സ്കീമിന്റെയും സെന്റർ ഫോർ യോഗ ആന്റ് നാച്ചുറോപതിയുടെം സംയുക്താഭിമുഖ്യത്തിൽ 220 കാമ്പസുകളിലായി നടത്തിയ അന്താരാഷ്ട്ര യോഗാദിനാചരണ പരിപാടി കുറവിലങ്ങാട് ദേവമാതാ കോളേജിൽ മഹാത്മാഗാന്ധി സർവ്വകലാശാലാ വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ ഉദ്ഘാടനം ചെയ്യുന്നു. പ്രോ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ്, സിൻഡിക്കേറ്റംഗം പ്രൊഫ. ടോമിച്ചൻ ജോസഫ് എന്നിവർ സമീപം

(2) നാഷണൽ സർവ്വീസ് സ്കീമിന്റെയും ഡിപ്പാർട്ട്മെന്റ് ഓഫ് ലൈഫ് ലോങ്ങ് ആന്റ് ലേണിംഗിന്റെയും ആഭിമുഖ്യത്തിൽ സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആന്റ് ഡെവലപ്മെന്റ് സ്റ്റഡീസിൽ നടത്തിയ അന്താരാഷ്ട്ര യോഗാദിനാചരണ പരിപാടി വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്നു. വേദിയിൽ പ്രോ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ്, സിൻഡിക്കേറ്റംഗം പ്രൊഫ. ടോമിച്ചൻ ജോസഫ് തുടങ്ങിയവർ.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**